**Series : EFGH/S**

**SET ~ 4**

**Q.P. Code 12/S**

**Roll No.**

Candidates must write the Q.P. Code on the title page of the answer-book.

**നിർദേശങ്ങൾ / NOTE :**

(I) ചോദ്യപേപ്പറിൽ അച്ചടിച്ച **15** പുറങ്ങളുണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

Please check that this question paper contains **15** printed pages.

(II) പരീക്ഷാർത്ഥി ചോദ്യപേപ്പറിന്റെ വലതുമുകൾഭാഗത്ത് കൊടുത്തിരിക്കുന്ന ചോദ്യപേപ്പർ കോഡ് ഉത്തരക്കടലാസ്സിന്റെ ടൈറ്റിൽ പേജിൽ എഴുതേണ്ടതാണ്.

Q.P. Code given on the right hand side of the question paper should be written on the title page of the answer-book by the candidate.

(III) ചോദ്യപേപ്പറിൽ **9** ചോദ്യങ്ങൾ ഉണ്ടെന്ന് ദയവുചെയ്ത് ഉറപ്പുവരുത്തുക.

Please check that this question paper contains **9** questions.

(IV) **ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ തന്നിട്ടുള്ള ഇടങ്ങളിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.**

**Please write down the Serial Number of the question in the answer-book at the given place before attempting it.**

(V) ചോദ്യപേപ്പർ വായിക്കാൻ 15 മിനിട്ടാണ് അനുവദിച്ചിട്ടുള്ളത്. രാവിലെ 10.15 നു ചോദ്യപേപ്പർ വിതരണം ചെയ്യുന്നതാണ്. രാവിലെ 10.15 മുതൽ 10.30 വരെ വിദ്യാർത്ഥികൾക്ക് ചോദ്യങ്ങൾ വായിച്ചുനോക്കാനുള്ള സമയമാണ്. ഈ സമയം ഉത്തരക്കടലാസ്സിൽ ഒരു ഉത്തരവും എഴുതാൻ ശ്രമിക്കരുത്.

15 minute time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the candidates will read the question paper only and will not write any answer on the answer-book during this period.

#

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : **3** മണിക്കൂർ* — *ആകെ മാർക്ക് : **80***

*Time allowed : **3** hours* — *Maximum Marks : **80***

***General Instructions :***

*(i) This question paper is divided into* ***two*** *sections.*

*(ii) It has total* ***9*** *questions.*

*(iii)* ***Section A :*** *4 questions no. 1 to 4.*

*(iv)* ***Section B :*** *5 questions no. 5(a) to 9(c).*

*Attempt questions as per specific instructions.*

*Write question no. in answer book before attempting it.*

**പൊതു നിർദ്ദേശങ്ങൾ :**

(i) ചോദ്യപേപ്പർ **2** വിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു.

(ii) ആകെ **9** ചോദ്യങ്ങൾ ഉണ്ട്.

(iii) എ വിഭാഗത്തിൽ 4 ചോദ്യങ്ങൾ ഒന്നുമുതൽ നാല് (ജെ) വരെ.
(1 മുതൽ 4 വരെ)

(iv) ബി വിഭാഗത്തിൽ 5 ചോദ്യങ്ങൾ 5(a) മുതൽ 9(c) വരെ.
(5 മുതൽ 9 വരെ)

തന്നിരിക്കുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

ഉത്തരം എഴുതുന്നതിനു മുമ്പായി ഉത്തരക്കടലാസ്സിൽ ചോദ്യത്തിന്റെ ക്രമനമ്പർ എഴുതുക.

## എ വിഭാഗം / SECTION A

**1.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (ഓരോന്നിനും ഒരു മാർക്ക് വീതം) (Reading Comprehension) *8 ×1=8*

ഒരു പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ ജീവിതത്തിന്റെ ചെപ്പേടുകളാണ് ആ പ്രദേശത്തിന്റെ കലകൾ. കേരളത്തിന്റെ തനതുകലകൾ ഈ നാടിന്റെ ഹൃദയ വികാരങ്ങളെ തുറന്നു കാട്ടുന്നു. ഒരർത്ഥത്തിൽ കേരളീയ കലകളുടെ വിലപ്പെട്ട ശേഖരം നമ്മുടെ നാടിന്റെ മേൽവിലാസം ലോകമൊട്ടാകെ ഉയർത്തി പിടിക്കുവാൻ സഹായിച്ചിട്ടുണ്ട്. കേരളീയ കലകളുടെ സിംഹാസനത്തിൽ കഥകളി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു വാചികാഭിനയത്തിന്റെ നിരോധത്തിലൂന്നി നിന്നുകൊണ്ട് ആസ്വാദകരുമായി കലാസംവാദം നടത്തുന്ന കഥകളി പാശ്ച്യാത്യരിൽ അദ്ഭുതം ഉളവാക്കി. ഭാഷ, പശ്ചാത്തലം, രംഗം, സാഹിത്യം, അഭിനയം എന്നിവയിലെല്ലാം കേരളത്തിന്റെ സ്വന്തം തനിമ കഥകളി പുലർത്തുന്നു. നൃത്തം, നൃത്യം എന്നിവയുടെ സമ്മോഹന സമ്മേളനം കഥകളി അരങ്ങത്ത് കാഴ്ചവെയ്ക്കുന്നു. കോട്ടയത്തുതമ്പുരാനും, ഇരയിമ്മൻ തമ്പിയും, ഉണ്ണായിവാര്യരും നൽകിയ കാവ്യപ്രതിഭയുടെ പരിമളം കഥകളിയുടെ വളർച്ചയ്ക്ക് മണ്ണും വളവുമായിത്തീർന്നു. പുരാണേതിഹാസങ്ങളുടെ സാഹിത്യ സമ്പത്തുകൾ ജനഹൃദയങ്ങളിലെത്തിക്കാനും സാമൂഹിക പരിഷ്കരണം സാധിക്കാനും തുള്ളൽ എന്ന കലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 'ജനകീയകല' എന്ന സമ്പന്നമായ പദവി തുള്ളൽ നേടിയെടുത്തിട്ടുണ്ട്. ഫലിതപരിഹാസങ്ങളുടെ സമ്മേളനം തുള്ളലിന്റെ ജനകീയത വളർത്തി. എന്നാൽ തെയ്യം, തിറ, മുടിയേററ് തുടങ്ങിയ അനുഷ്ഠാനകലകൾ ഇന്നും വേണ്ടവിധം പ്രോത്സാഹിപ്പിക്കപ്പെട്ടിട്ടില്ല.

**ചോദ്യങ്ങൾ :**

(i) ഇന്നും വേണ്ടവിധം പ്രോത്സാഹനം ലഭിക്കാത്ത അനുഷ്ഠാനകലകൾ ഏതെല്ലാം ?

(ii) കേരളീയ കലകളുടെ സിംഹാസനത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കലയേത് ?

(iii) കേരളത്തിന്റെ സ്വന്തം തനിമ എന്തിലെല്ലാമാണ് കഥകളി പുലർത്തുന്നത് ?

(iv) 'ജനകീയകല' എന്നറിയപ്പെടുന്ന കലാരൂപം ഏത് ?

(v) നമ്മുടെ നാടിന്റെ മേൽവിലാസത്തെ ഉയർത്തിപ്പിടിക്കുവാൻ സഹായിച്ചതെന്ത് ?

(vi) തുള്ളലിന്റെ ജനകീയത വളർത്തിയതെന്ത് ?

(vii) കഥകളിയുടെ വളർച്ചയ്ക്ക് മണ്ണും വളവുമായിത്തീർന്നതെന്ത് ?

(viii) എന്തിന്റെയെല്ലാം സമ്മോഹന സമ്മേളനമാണ് കഥകളി അരങ്ങത്ത് കാഴ്ചവെയ്ക്കുന്നത് ?

**2.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക : (ഓരോന്നിനും ഒരു മാർക്ക് വീതം) (Reading Comprehension) *7×1=7*

സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജീവിതം സുഖപൂർണമാക്കാനുള്ള മനുഷ്യന്റെ അന്വേഷണം സംഭാവന ചെയ്ത ഒരു വസ്തുവാണ് പ്ലാസ്റ്റിക്. സമയത്തെയും സൗകര്യത്തെയും മെച്ചപ്പെടുത്തുക എന്ന ആശയം നൂതന കണ്ടുപിടിത്തങ്ങൾക്ക് അടിത്തറയാകുന്നു. കൊണ്ടുനടക്കാനും വൃത്തിയായി വെയ്ക്കാനും മനുഷ്യനെ ഏറെ സഹായിച്ച പ്ലാസ്റ്റിക് ഇന്ന് ഭൂമിയുടെ കാലനാണ്. ഏതൊരു വസ്തുവും നശിക്കുകയോ മാറ്റത്തിനു വിധേയമാവുകയോ ചെയ്തില്ലെങ്കിൽ ഭൂമിക്ക് അത് ബാധയാകും. അതുപോലെ പ്ലാസ്റ്റിക് നശിക്കുന്നില്ല, അതുകൊണ്ടുതന്നെ മണ്ണിനു താങ്ങാനാവാത്തവിധം ഭീകരമാണ് അതിന്റെ സാന്നിധ്യം. ചൂടും മർദ്ദവും നിശ്ചിത അളവിൽ നൽകി അടിച്ചുപരത്താവുന്നതും വലിച്ചുനീട്ടാവുന്നതും, ദ്രവരൂപത്തിലാക്കി ആവശ്യമുള്ള ആകൃതിയും വലുപ്പവും നൽകി എടുക്കാവുന്നതുമായ പോളിമറിക് വസ്തുവാണ്

പ്ലാസ്റ്റിക്. ഭാരക്കുറവാണ് അതിന്റെ ഏറ്റവും വലിയ സവിശേഷത. അസംസ്കൃത വസ്തുവിന്റെ ലഭ്യത കൂടുതലായതിനാൽ വിലയും കുറവാണ്. അൻപതു പൈസയ്ക്ക് ഒരു പ്ലാസ്റ്റിക് സഞ്ചി ലഭിക്കുമെന്നതാണ് അതിന്റെ വ്യാപനത്തിനു സഹായിച്ച മറ്റൊരുഘടകം. മറ്റൊന്നു കൂടിയുണ്ട് ജൈവ വിഘടനം സംഭവിക്കാത്തതിനാൽ പ്ലാസ്റ്റിക് ഏറെനാൾ നിലനിൽക്കും. നനയാത്തതും എളുപ്പത്തിൽ വൃത്തിയാക്കാൻ കഴിയുന്നതുമാണ് പ്ലാസ്റ്റിക്.

**ചോദ്യങ്ങൾ :**

(i) നൂതനമായ കണ്ടുപിടിത്തങ്ങൾക്ക് അടിത്തറയാകുന്നത് എന്ത് ?

(ii) ഏതു വസ്തുവും ഭൂമിക്ക് ബാധയാകുന്നത് എപ്പോൾ ?

(iii) പ്ലാസ്റ്റിക്കിന്റെ സാന്നിധ്യം മണ്ണിനു താങ്ങാനാവാത്തവിധം ഭീകരമായതെന്തുകൊണ്ട് ?

(iv) പ്ലാസ്റ്റിക്കിന്റെ ഏറ്റവും വലിയ സവിശേഷത എന്ത് ?

(v) പ്ലാസ്റ്റിക്കിന്റെ വില കുറയാൻ കാരണമെന്ത് ?

(vi) പ്ലാസ്റ്റിക് ഏറെ നാൾ നിലനിൽക്കുന്നതെന്തുകൊണ്ട് ?

(vii) പ്ലാസ്റ്റിക്കിന്റെ വ്യാപനത്തിനു സഹായിച്ച ഘടകം ഏത് ?

**3.** തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഏതെങ്കിലും ഏഴെണ്ണത്തിന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക : *7×1=7*

(i) 'കച്ഛം' എന്ന വാക്കിന്റെ ശരിയായ അർത്ഥം ഇവയിലേതാണ് ?

(A) ദാഹം

(B) തീരം

(C) ഭൂമി

(D) വിധി

(ii) 'കടം' എന്ന പദത്തിന്റെ പര്യായപദം തന്നിരിക്കുന്നവയിൽ ഏതാണ് ?

(A) ധനം

(B) പണയം

(C) ഋണം

(D) വ്രണം

(iii) 'ആമയം' എന്ന വാക്കിന്റെ വിപരീത പദം ഏത് ?

(A) അനാമയം

(B) നിരാമയം

(C) മയം

(D) സമയം

(iv) 'ആലയസംഗമം' എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം എന്ത് ?

(A) ആലയമാകുന്ന സംഗമം

(B) ആലയത്തിലെ സംഗമം

(C) ആലയവും സംഗമവും

(D) ആലയത്തിന്റെ സംഗമം

(v) 'നിസ്സഹായൻ' എന്ന പദത്തിന്റെ എതിർലിംഗം ഏത് ?

(A) നിസ്സഹായ

(B) നിസ്സഹായിണി

(C) സഹായിത

(D) സഹായിനി

(vi) 'ചക്ഷുസ്സ് – രക്ഷസ്സ്' എന്നീ വാക്കുകളുടെ ശരിയായ അർത്ഥവ്യത്യാസം തന്നിരിക്കുന്നവയിൽ ഏത് ?

(A) തവള – പാമ്പ്

(B) കണ്ണ് – രാക്ഷസൻ

(C) ദാഹം – രാജാവ്

(D) മനസ്സ് – ഈശ്വരൻ

(vii) 'പ്രാണി' എന്ന വാക്കിന്റെ നാനർഥം അല്ലാത്തത് ഏത് ?

(A) മനുഷ്യൻ

(B) ജീവി

(C) ജീവൻ

(D) കീടം

(viii) 'പൂരിതാഭ' എന്ന പദത്തിന്റെ ശരിയായ പിരിച്ചെഴുത്ത് ഏത് ?

(A) പൂരിത + ആഭ

(B) പൂരിതാ + ആഭ

(C) പൂരി + ആഭ

(D) പൂരിതം + ആഭ

(ix) തന്നിരിക്കുന്നതിൽ ശരിയായ പദം തെരഞ്ഞെടുത്ത് എഴുതുക

(A) ധാർത്ഥരാഷ്ട്രൻ

(B) ധാർത്തരാഷ്ടൻ

(C) ധാർത്തരാഷ്ട്രൻ

(D) ധാർത്തരാഷ്ഠൻ

(x) 'പരിചയമില്ലാത്തവൻ' എന്നതിന്റെ ഒറ്റപ്പദം ഇവയിൽ ഏതാണ് ?

(A) പരിചയസമ്പന്നൻ

(B) പരാജിതൻ

(C) പരിചിതൻ

(D) അപരിചിതൻ

4. തന്നിരിക്കുന്ന പത്ത് ചോദ്യങ്ങളിൽ ഒമ്പതെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്ത് എഴുതുക. (ഓരോന്നിനും ഒരു മാർക്ക് വീതം) ഓരോ ചോദ്യത്തിനും രണ്ട് ഉപചോദ്യങ്ങൾ ഉണ്ട്. *9×2=18*

(a) (i) മോക്ഷാർഥി എന്താണ് ചെയ്യേണ്ടത് ?

(A) ഏകാഗ്രമായ മനസ്സോടെ വിദ്യാഭ്യാസം നേടണം

(B) മറ്റുള്ളവർക്ക് ഉപദേശം നൽകണം

(C) തപസ്സ് ചെയ്യണം

(D) ലോകം ദഹിപ്പിക്കണം

(ii) 'ലക്ഷ്മണ സാന്ത്വനം' എന്ന പദ്യഭാഗം ഏതു കൃതിയിൽ നിന്ന് എടുത്തതാണ് ?

(A) ഹരിനാമകീർത്തനം

(B) ദേവീമാഹാത്മ്യം

(C) അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

(D) മഹാഭാരതം കിളിപ്പാട്ട്

(b) (i) പണപ്പെട്ടി പൂട്ടി മത്തായി മുഖം ഉയർത്തിയപ്പോൾ ആരെയാണ് കണ്ടത് ?

(A) മരയ്ക്കാരെ

(B) കുഞ്ഞനത്തെ

(C) ചാക്കോരു മാപ്പിളയെ

(D) ചാക്കുണ്ണിയെ

(ii) "ഭാര്യയും കുട്ടികളും അക്കാര്യത്തിൽ സങ്കടപ്പെട്ടിരുന്നു" ഏത കാര്യത്തിലാണ് സങ്കടപ്പെട്ടത് ?

(A) റേഡിയോ പണയം വെയ്ക്കുന്നതിൽ

(B) കുട്ടിക്ക് അസുഖമായതിനാൽ

(C) ചാക്കുണ്ണി വീട്ടിൽ വൈകി വരുന്നതിനാൽ

(D) മലയാററൂർ പള്ളിയിൽ പോകാത്തതിനാൽ

(c) 'പൊട്ടിക്കരഞ്ഞും ശഠിച്ചും കുതറിയും എത്തി'

(i) ആരാണ് എത്തിയത് ?

(A) അമ്മ

(B) മകൻ

(C) ഭാര്യ

(D) ചാക്കുണ്ണി

(ii) എവിടെയാണ് എത്തിയത് ?

(A) അമ്പലത്തിൽ

(B) വിദ്യാലയത്തിൽ

(C) ജയിലിൽ

(D) ജില്ലാശുപത്രിയിൽ

(d) 'അതു വധശിക്ഷയുടെ ചടങ്ങാണെന്ന് അറിഞ്ഞിരുന്നില്ല'

(i) ആർക്കാണ് അറിയാൻ കഴിയാഞ്ഞത് ?

(A) കണ്ടുണ്ണിയ്ക്ക്

(B) ചാക്കുണ്ണിയ്ക്ക്

(C) വെള്ളായിയപ്പന്

(D) ചെമ്പുമത്തായിയ്ക്ക്

(ii) വധശിക്ഷയുടെ ചടങ്ങെന്ത് ?

(A) കൊമ്പുവിളി

(B) കുഴൽവിളി

(C) വാദ്യഘോഷം

(D) പെരുമ്പറയുടെ ശബ്ദം

(e) “പുഞ്ചകൾ കൊയ്യും കാലം, കറ്റമെതിച്ചു കിതയ്ക്കും”

(i) കറ്റമെതിച്ചു കിതയ്ക്കുന്നത് ആര് ?

(A) പുള്ളുവൻ

(B) ഗ്രാമപ്പെൺകൊടിമാർ

(C) പരിഷ്ക്കാരികൾ

(D) കവി

(ii) വൈലോപ്പിള്ളിയുടെ ‘കാവ്യലോക സ്മരണകൾ’ എന്ന കൃതി ഏത് സാഹിത്യവിഭാഗത്തിൽപ്പെടുന്നു ?

(A) ആത്മകഥ

(B) നാടകം

(C) നോവൽ

(D) കവിതാസമാഹാരം

(f) (i) അന്യജീവനുതകി സ്വജീവിതം ധന്യമാക്കുന്നത് ആരാണ് ?

(A) സന്ന്യാസികൾ

(B) ശരീരികൾ

(C) വിവേകികൾ

(D) ജനങ്ങൾ

(ii) വെയിൽസ് രാജകുമാരനിൽ നിന്ന് പട്ടും വളയും ലഭിച്ച കവി ആര് ?

(A) കുമാരനാശാൻ

(B) എഴുത്തച്ഛൻ

(C) വൈലോപ്പിള്ളി ശ്രീധരമേനോൻ

(D) വള്ളത്തോൾ

(g) “ചാക്കുണ്ണി അതിൽ മുഴുകിയിരിക്കുന്നതു കണ്ടപ്പോൾ അയാൾ ഒന്നും പറഞ്ഞില്ലെന്നു മാത്രം”

(i) ചാക്കുണ്ണി എന്തിലാണ് മുഴുകിയിരുന്നത് ?

(A) പ്രാദേശികവാർത്ത

(B) ബാലമണ്ഡലം

(C) വയലും വീടും

(D) നാടകം

(ii) ആരാണ് ഒന്നും പറയാഞ്ഞത് ?

(A) കണ്ടുണ്ണി

(B) കുട്ട്യസ്സൻമാപ്പിള

(C) വെള്ളായിയപ്പൻ

(D) ചെമ്പുമത്തായി

(h) (i) ശാശ്വതലോകങ്ങൾ നേടുമെന്ന് ദുര്യോധനൻ ഉറച്ചു വിശ്വസിക്കാൻ കാരണമെന്ത് ?

(A) ശത്രുക്കൾക്ക് കീഴടങ്ങാത്തതിനാൽ

(B) രാജാവായതിനാൽ

(C) സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ

(D) തുട ചതഞ്ഞു വീണതിനാൽ

(ii) ദുര്യോധനന്റെ ഒരേയൊരു സഹോദരി ആര് ?

(A) ദുശ്ശള

(B) ഗാന്ധാരി

(C) പാഞ്ചാലി

(D) കുന്തീദേവി

(i) (i) 'മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തി വയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഇത് രചിക്കപ്പെട്ടതെന്നു തീർത്തുപറയാൻ സംശയിക്കേണ്ടതില്ല'. ഏത് ഗ്രന്ഥത്തെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത് ?

(A) രാമായണം

(B) ഭഗവത്ഗീത

(C) മഹാഭാരതം

(D) ഉപനിഷത്ത്

(ii) കുട്ടികൃഷ്ണമാരാർക്ക് കേന്ദ്രസാഹിത്യഅക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

(A) കല ജീവിതം തന്നെ

(B) മലയാളശൈലി

(C) ദന്തഗോപുരം

(D) ഭാരതപര്യടനം

(j) "പനിനീരാൽ കഴുകിക്കു കാലുകൾ മണിപീഠത്തിലിരുത്തൂ"

(i) ആരെയാണ് മണിപീഠത്തിൽ ഇരുത്തേണ്ടത് ?

(A) ഉഷസ്സിനെ

(B) മഹാബലിയെ

(C) കന്യകമാരെ

(D) ഉണ്ണികളെ

(ii) എവിടെ ഒരുക്കിയ മണിപീഠത്തിലാണ് ഇരുത്തേണ്ടത് ?

(A) മലയാളത്തറവാട്ടിനങ്കണത്തിൽ

(B) പരിഷ്കാരത്തിൻ തിണ്ണയിൽ

(C) കമുകിൻ പൂവരി തൂകിയ വഴിയിൽ

(D) പുഞ്ചകൾ കൊയ്യും വയലിൽ

## ബി വിഭാഗം / SECTION B (Grammar, Creative writing, Literature)

**5.** (a) അംഗവാക്യം, അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക : *2 ×1=2*

(i) ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ കടലാസ് നിവർത്തിനോക്കിയപ്പോൾ പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

(ii) ദ്രൗണി അയാളുടെ കഴുത്തിലും നെഞ്ചിലും ചവുട്ടിനിന്നു ഞെക്കിക്കൊല്ലാൽ തുടങ്ങവേ ധൃഷ്ടദ്യുമ്നൻ മാന്തിയൊഴിക്കാൻ ശ്രമിച്ചുകൊണ്ടു ഞരങ്ങി.

(b) വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക. *2 ×1=2*

(i) ആകാശത്തിന്റെ ഇരുട്ടിൽ അകലെ ദൂരെ എവിടെയോ വിടരുന്ന പുലരിയുടെ സൂചന.

(ii) ഭാഗ്യവശാൽ നിങ്ങളെ നാശത്തിൽ നിന്നും മുക്തരായി മോചിതരായി കാണുവാൻ സാധിച്ചു.

(c) പ്രയോഗം മാറ്റുക : *2 ×1=2*

(i) ഇരുമ്പഴികൾക്കുപിന്നിൽ അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി.

(ii) പാപികൾ കള്ളത്തരം കൊണ്ട് എന്നെ കൊന്നു.

(d) ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം വാക്യത്തിൽ പ്രയോഗിക്കുക : *2 ×1=2*

(i) ശ്വാസം മുട്ടിക്കുക

(ii) പരസ്പരപ്രീതി

(iii) ഉറപ്പുവരുത്തുക

6. (a) താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. *5*

(i) രാജ്യപുരോഗതിയിൽ വിദ്യാർത്ഥികളുടെ പങ്ക്.

**OR (അല്ലെങ്കിൽ)**

(ii) 'അവഗണിക്കപ്പെടുന്ന വാർദ്ധക്യം' – സാമൂഹിക വിപത്ത്.

(b) നിങ്ങളുടെ നാട്ടിൽ കടൽക്ഷോഭത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്ക് താമസസൗകര്യവും ധനസഹായവും നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിങ്ങൾ മുഖ്യമന്ത്രിക്ക് കത്തു തയ്യാറാക്കുക. *5*

(c) ഇന്ത്യൻ ക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട നിങ്ങളുടെ നാട്ടുകാരന് നൽകിയ സ്വീകരണവും അനുമോദനവും ഒരു പത്രവാർത്ത തയ്യാറാക്കുക. *4*

7. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (ഓരോന്നിനും മൂന്ന് മാർക്ക് വീതം) $2\times3=6$

(a) 'സ്വന്തം ജീവിതത്തിൽ നിന്ന് ഒരു ഭാഗം തന്നെ ആരോ പറിച്ചുമാറ്റുന്നതു പോലെ അയാൾക്കു തോന്നി' ഈവരികളിൽ നിന്ന് ചാക്കുണ്ണിയുടെ ജീവിതത്തിൽ റേഡിയോയ്ക്കുണ്ടായിരുന്ന സ്ഥാനം എന്താണെന്ന് – വിവരിക്കുക.

(b) ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ എപ്രകാരമായിരുന്നു ?

(c) വെള്ളായിയപ്പനും മകനും തമ്മിലുള്ള കൂടിക്കാഴ്ച കഥാകാരൻ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ ?

8. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക (ഓരോന്നിനും മൂന്ന് മാർക്ക് വിതം) *2×3=6*

(a) ജില്ലാശുപത്രിക്കരികിൽ അമ്മയെ ഉപേക്ഷിക്കാനൊരുങ്ങിയ മകന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തകൾ ഏവ ?

(b) "നന്നല്ല ദേഹം നിമിത്തം മഹാമോഹം" എന്ന് പറയാൻ കാരണം എന്ത് ?

(c) "ഇണ്ടൽ വേണ്ട സഖി കേണിടേണ്ട കേൾ" സന്ദർഭം ആശയം എന്നിവ വിവരിക്കുക ?

9. തന്നിരിക്കുന്നവയിൽ ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്കു മാത്രം ഉത്തരമെഴുതുക (ഓരോന്നിനും മൂന്ന് മാർക്ക് വീതം) : *2×3=6*

(a) കുഞ്ഞൻപിള്ള സംസ്കൃതം പഠിച്ചതെങ്ങനെ ?

(b) അഹങ്കാരിയും അഴിമതിക്കാരനുമായ ഉദ്യോഗസ്ഥനെ ചട്ടമ്പിസ്വാമികൾ ഒരുപാഠം പഠിപ്പിച്ചതെങ്ങനെ ?

(c) കേശവപിള്ളയ്ക്കും ഭാര്യയ്ക്കും കുഞ്ഞൻപിള്ള ദൈവതുല്യനായി മാറാൻ കാരണമെന്ത് ?